(സി) പ്രസ്തുത പദ്ധതിക്ക് എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത്; പദ്ധതി എന്ന് പൂർത്തിയാകും; വിശദാംശം അറിയിക്കാമോ?

പനച്ചമൂട് മത്സ്യമാർക്കറ്റ് നിർമ്മാണത്തിനായി 462.82834 ലക്ഷം രൂപയുടെ അംഗീകാരം ലഭിച്ചിരുന്നു. പദ്ധതി ആരംഭിച്ചു കഴിഞ്ഞാൽ പരമാവധി ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

(ഡി) പദ്ധതി നടത്തിപ്പിലെ കാലതാമസം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

സ്വീകരിക്കുന്നതാണ്.

മത്സ്യലേലത്തിൽ നിന്നും ഇടനിലക്കാരെ ഒഴിവാക്കുന്നതിന് നടപടി

312(1058) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യലേലത്തിൽ നിന്നും ഇടനിലക്കാരെ ഒഴിവാക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രഖ്യാപനം നടപ്പിലാക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് നിയമനിർമ്മാണം നടത്താൻ ഉദ്ദേശിച്ചിരുന്നോ; ഉണ്ടെങ്കിൽ അതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ-സി) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ചു കൊണ്ടുവരുന്ന മത്സ്യത്തിന് ന്യായവില ഉറപ്പാക്കുന്നതിനും ഗുണമേന്മയുള്ള മത്സ്യം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ട് മത്സ്യലേലവും, വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും മത്സ്യത്തിന്റെ ഗുണനിലവാരം പരിപാലിക്കുന്നതിനുമായി മത്സ്യലേല വിപണന ഗുണനിലവാര പരിപാലന ഓർഡിനൻസ് സർക്കാർ പ്രസിദ്ധപ്പെടുത്തുകയും തുടർന്ന് പുനർവിജ്ഞാപനം ചെയ്യുകയും ഉണ്ടായി. പതിനഞ്ചാം നിയമസഭയുടെ മൂന്നാം സമ്മേളനത്തിൽ ബിൽ നിയമ സഭയിൽ അവതരിപ്പിച്ച് അംഗീകാരം നേടുന്നതിന് ലക്ഷ്യമിടുന്നു. അതിന് ശേഷം ചട്ടങ്ങൾ രൂപീകരിച്ച് നടപ്പാക്കുന്നതാണ്. ചട്ടങ്ങൾ രൂപീകരണ ഘട്ടത്തിലുമാണ്.

LIBRARY ARCHIVES Kerala Legislative Assembly